## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2211**

**23/03/2012-ൽ മറുപടിക്ക്**

## ആശ്രയ പദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി. റ്റി. ബൽറാം | **ശ്രീ. എം.കെ.മുനീർ**<br>**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** |
| (എ) ആശ്രയ പദ്ധതിയുടെ പ്രവർത്തനങ്ങളെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ആശ്രയ പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് എം.എസ്.ഡബ്ല്യൂ വിദ്യാർത്ഥികളെ ഉപയോഗിച്ച് 2007 ൽ നടത്തിയ അവലോകനത്തിൽ പ്രസ്തുത പദ്ധതി നടത്തിപ്പിലെ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കി വരുന്ന ആശ്രയ പദ്ധതിയുടെ സേവന ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ഓരോന്നും പ്രത്യേകം വിലയിരുത്തുന്നതിനും ആശ്രയ പദ്ധതി പ്രകാരമുള്ള സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രതിമാസ അവലോകന യോഗത്തിൽ ആശ്രയ പദ്ധതി അവലോകനം ഒരു അജണ്ട വിഷയമായി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരം ആശ്രയ പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം നടത്തിവരുന്നു. |

| | | |
|---|---|---|
| (ബി) ഇതു നടപ്പാക്കാൻ വൈകുന്ന പഞ്ചായത്തുകൾക്കെതിരെ നടപടികൾ എടുക്കുമോ;<br><br>(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ബി) & (സി) | തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ തുടങ്ങിയവരുടെ ജില്ലാതല മീറ്റിംഗ് വിളിച്ചു ചേർത്ത് പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കുന്നതിനായി ജില്ലാതല വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ റിവ്യൂ മീറ്റിംഗുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം നടപ്പുസാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കർമ്മ പദ്ധതിക്ക് അംഗീകാരം നൽകുമ്പോൾ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ പരിശോധനാ റിപ്പോർട്ട് അടങ്ങിയ ആശ്രയ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിക്കായി തുക വകയിരുത്തി പദ്ധതി നടപ്പാക്കലിന് അംഗീകാരം വാങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആശ്രയ പദ്ധതിക്കുള്ള പ്രോജക്ട് തയ്യാറാക്കിയില്ലെങ്കിൽ അടുത്ത ഗഡു ധനസഹായം നൽകുന്നത് തടയേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**